**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1760** **12.06.2019 ൽ മറുപടിയ്ക്ക്**

**അന്തർ സംസ്ഥാന യാത്രാദുരിതം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അന്യസംസ്ഥാനങ്ങളിലേക്ക് സർവ്വീസ് നടത്തുന്ന സ്വകാര്യബസ്സുകൾ സ്വീകരി ക്കുന്ന നീതിരഹിതമായ നിലപാടിൽ യാത്രക്കാർക്കുണ്ടാകുന്ന ദുരിതം പരിഹരി ക്കാൻ സ്വീകരിച്ച നടപടികൾ വിശദമാ ക്കാമോ; | (എ) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മോട്ടോർ വാഹന വകുപ്പ് 'ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്' എന്ന പേരിൽ വിശദമായ രാത്രികാല പരിശോധന ആരംഭിച്ചിട്ടുണ്ട്. 6.6.19 വരെ 7991 വാഹനങ്ങൾക്ക് എതിരെ നടപടി സ്വീകരിക്കുകയും 2,97,61,750/- രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തു. ഇത്തരം നിയമനടപടികളുടെ ഭാഗമായി യാത്രക്കാർക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിനായി ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളിലേയ്ക്ക് കെ എസ് ആർ ടി സി കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തമിഴ് നാട്ടുമായുള്ള അന്തർ സംസ്ഥാന ഗതാഗത കരാർ രൂപീകരിച്ച് നടപടികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ടി കരാർ പ്രകാരം എറണാകുളം-ചെന്നൈ റൂട്ടും, തിരുവനന്തപുരം-ചെന്നൈ റൂട്ടും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോയമ്പത്തൂർ, സേലം വഴി ബാംഗ്ലൂരിലേയ്ക്കും, ഗുഡല്ലൂർ, മൈസൂർ വഴി ബാംഗ്ലൂരിലേയ്ക്കും ഉള്ള റൂട്ടുകൾ ആവശ്യമായ ബസ്സുകളുടെ ലഭ്യത ഉറപ്പാക്കിയ ശേഷം പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി കൾ സ്വീകരിക്കുന്നതാണ്. തമിഴ് നാട്ടുമായി രൂപീകരിച്ച പുതിയ ഗതാഗത കരാർ പ്രകാരം എല്ലാ വർഷവും ഓണം, ദസറ, ദീപാവലി, ക്രിസ്തുമസ്, മധ്യവേനൽ അവധികാലം, ശബരിമല ഉത്സവകാലം എന്നിങ്ങനെ യാത്രാനിരക്ക് അനുഭവപ്പെടുന്ന എല്ലാ ഉത്സവകാലത്തും ആവശ്യാ-നുസരണം സർവ്വീസുകൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2019 ഏപ്രിൽ മാസം മുതൽ ബാംഗ്ലൂരി ലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനായി 29 ബസ്സുകൾ അധികമായി പെർമിറ്റ് എടുത്ത് ഉപയോഗിച്ച് വരികയുമാണ്. |

| | | | |
|---|---|---|---|
| (ബി) | അന്യസംസ്ഥാനങ്ങളിലേക്കുള്ള യാത്രാ ദുരിതം പരിഹരിക്കുന്നതിന് കൂടുതൽ ബസ്സുകൾ വാടകക്കെടുത്ത് സർവ്വീസ് നടത്തുമെന്ന സർക്കാർ പ്രഖ്യാപനം പ്രയോഗത്തിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ? | ബി) | അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നതിന് ബസ്സുകളുടെ കുറവ് ഉണ്ടാകുന്ന സാഹചര്യത്തിൽ കാഷ്വൽ കോൺട്രാക്ട് വ്യവസ്ഥയിൽ 50 പ്രീമിയം ക്ലാസ് മൾട്ടി ആക്സിൽ എ.സി. ബസ്സുകൾ ലഭ്യമാ ക്കുന്നതിന് 30-4-19-ൽ ദർഘാസ് ക്ഷണിച്ചിരുന്നു. മൂന്ന് മാസക്കാലയളവിലേക്ക് ലഭ്യമാക്കുന്നതിനാണ് ദർഘാസ് ക്ഷണിച്ചിരുന്നത്. കേരള സർക്കാരിൻറെ ഇ-പോർട്ടൽ വഴി ക്ഷണിച്ച ദർഘാസിൽ ആരും പങ്കെടുത്തില്ല. ഈ സാഹചര്യത്തിൽ വ്യവസ്ഥകൾ പുനഃപരിശോധിക്കുകയും മൂന്ന് മാസക്കാലയളവ് എന്നത് ഒരു വർഷക്കാലയളവായി ഉയർത്തി പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**